CAREERINDIA


# MALAYALAM

**(Second Language)**

***Maximum Marks : 80***

***Time Allowed : Three Hours***

***Answers to this Paper must be written on the paper provided separately.***

*You will **not** be allowed to write during the first **15** minutes.*

*This time is to be spent in reading the question paper.*

***The time given at the head of this Paper is the time allowed for writing the answers.***

---

*This paper comprises of two Sections; **Section A** and **Section B.***

*Attempt **all** the questions from **Section A**.*

*Attempt **four** questions from **Section B**, answering at least **one** question each from the **two** books you have studied and **any two** other questions from the same books that you have compulsorily chosen.*

*The intended marks for questions or parts of questions are given in brackets [ ].*

---

## SECTION—A (40 Marks)

*Attempt **all** questions from this section.*

**Question 1**

Write a short composition in **Malayalam** of approximately **250** words on any **one** of the following topics :— [15]

(താഴെക്കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും **ഒന്ന്** തിരഞ്ഞെടുത്ത് ഏകദേശം **250** വാക്കുകളിൽ ഒരു ഉപന്യാസം മലയാളത്തിൽ എഴുതുക**)** :—

(i) "ഒരു ഉത്തമ ഗ്രന്ഥം ഒരു ഉത്തമ ഗുരുനാഥനൊപ്പമോ അതിനു മുകളിലോ നമ്മെ സ്വാധീനിക്കുന്നു." ഈ അഭിപ്രായത്തിന്റെ പശ്ചാത്തലത്തിൽ പുസ്തകങ്ങളുടെ മഹത്വത്തെപ്പറ്റി ഒരു ഉപന്യാസം തയ്യാറാക്കുക.

(ii) "നമ്മുടെ ആരോഗ്യം വേണ്ടവിധത്തിൽ സംരക്ഷിച്ചില്ലെങ്കിൽ ഭാവിയിൽ നാം അതിന് കനത്ത വില നൽകേണ്ടി വരും." ചർച്ച ചെയ്യുക.

(iii) പാശ്ചാത്യ സംസ്കാരത്തിന്റെ കടന്നുകയറ്റംമൂലം നമ്മുടെ സംസ്കാരത്തിനും മൂല്യത്തിനും വേണ്ടത്ര പ്രാധാന്യം നല്കാത്ത ഒരു സമൂഹത്തിലാണ് നാം ഇന്നു ജീവിക്കുന്നത് – ഈ വിഷയത്തെ അനുകൂലിച്ചോ പ്രതികൂലിച്ചോ നിങ്ങളുടെ അഭിപ്രായം വിശദമാക്കുക.

---

**This Paper consists of 13 printed pages and 1 blank page.**



*© Copyright reserved.*

www.careerindia.com

(iv) 'പാലം കടക്കുവോളം നാരായണ പാലം കടന്നാൽ പിന്നെ കൂരായണ' – ഈ ചൊല്ലിനെ ആസ്പദമാക്കി ഒരു സ്വതന്ത്രകഥ എഴുതുക.

(v) താഴെക്കൊടുത്തിരിക്കുന്ന ചിത്രത്തെ ആസ്പദമാക്കി ഒരു ലേഖനമോ വിവരണമോ തയ്യാറാക്കുക :-



**Question 2**

Write a letter in **Malayalam** of approximately **120** words on any **one** of the following topics given below :— [7]

**(**താഴെക്കൊടുത്തിരിക്കുന്ന വിഷയങ്ങളിൽ ഏതെങ്കിലും **ഒന്ന്** തിരഞ്ഞെടുത്ത് ഏകദേശം **120** വാക്കുകളിൽ ഒരു കത്തെഴുതുക**)** :—

(i) ഗാന്ധിജയന്തി ദിനത്തിൽ നിങ്ങളുടെ സ്കൂളിൽ നടന്ന ശുചീകരണപ്രവർത്തനങ്ങൾ വിവരിച്ചുകൊണ്ട് സുഹൃത്തിനൊരു കത്തെഴുതുക.

(ii) ശക്തമായ മഴയിൽ പൊട്ടിപ്പൊളിഞ്ഞുപോയ റോഡുകളുടെ ശോചനീയാവസ്ഥയ്ക്ക് പരിഹാരം അഭ്യർത്ഥിച്ചുകൊണ്ട് പൊതുമരാമത്ത് മന്ത്രിക്ക് ഒരു കത്ത് തയ്യാറാക്കുക.

www.careerindia.com

CAREERINDIA

**Question 3**

Read the passage given below and answer in **Malayalam** the questions that follow, using your own words as far as possible :—

(താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ചതിനുശേഷം തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് സ്വന്തം വാക്കുകളിൽ ഉത്തരമെഴുതുക) :—

ഇന്നു ലോകത്തിൽ ഇത്രയധികം കുറ്റകൃത്യങ്ങൾ നടക്കുന്നത് എന്തുകൊണ്ടാണെന്ന് പലരും ചിന്തിക്കാറുണ്ട്. മനനം ചെയ്യാൻ വിശേഷബുദ്ധിയുള്ള മനുഷ്യൻ ഒരു സാഹചര്യത്തിലും ചെയ്യാൻ പാടില്ലാത്ത കാര്യങ്ങളാണിന്നു ലോകത്തിൽ നടക്കുന്നതു. അതിന്റെ ദുഃഖവും ദുരിതവും ഏറ്റവും കുടുതൽ അനുഭവിക്കുന്നത് സ്ത്രീകളും കുട്ടികളുമാണ്. പലപ്പോഴും നമ്മൾ വിചാരിക്കുന്നതും ഒരു വ്യക്തിയെന്ന നിലയിൽ എനിക്കൊന്നും ചെയ്യാൻ കഴിയില്ല എന്നാണ്. എന്നാൽ ഈ മനോഭാവം തെറ്റാണ്. ലോകത്തെവിടെയെങ്കിലും മനുഷ്യൻ മൃഗതുല്യനായി പ്രവർത്തിക്കുന്ന സംഭവങ്ങളെക്കുറിച്ചു കേൾക്കുമ്പോൾ ഞാനൊരിക്കലും ഇങ്ങനെയാവില്ല, പരോപകാരിയാകാനും മറ്റുള്ളവരെ വേദനിപ്പിക്കാതിരിക്കാനും ശ്രമിക്കും എന്ന ചിന്ത മനസ്സിൽ അരക്കിട്ടുറപ്പിക്കണം. അതിന് ആദ്ധ്യാത്മികത സഹായിക്കും.

ആദ്ധ്യാത്മികതയെ ശരിയായി ഉൾക്കൊള്ളുന്നതിലൂടെ എല്ലാവരിലും കുടികൊള്ളുന്നത് ഒരേ ശക്തിയാണ്, ഈശ്വരചൈതന്യമാണ് എന്നു കാണുവാനും ബാഹ്യമായ സകല വൈരുദ്ധ്യങ്ങളെയും വൈവിധ്യങ്ങളെയും ആദരവോടെ സ്വീകരിച്ചു അംഗീകരിക്കുവാനും നമുക്കു സാധിക്കും. അന്യർ എന്ന ബോധം ഇല്ലാതായാൽ അവിടെ കരുണയും ക്ഷമയും ആദരവും മാത്രം.

മഹാഭാരതയുദ്ധം അവസാനിച്ചസമയം ഇരുപക്ഷത്തുമുള്ള വീരയോദ്ധാക്കൻമാരിൽ മിക്കവരും യുദ്ധത്തിൽ മരണമടഞ്ഞു. ദ്രോണാചാര്യർ ചതിപ്രയോഗത്തിലൂടെ വധിക്കപ്പെട്ടതിനാൽ മകനായ അശ്വത്ഥാമാവിന്റെ മനസ്സിൽ പ്രതികാരത്തിനുള്ള ആഗ്രഹം ശക്തമായി. മാത്രമല്ല തന്റെ ആത്മമിത്രമായ ദുര്യോധനന്റെ മരണത്തിനു പകരം വീട്ടാതിരിക്കാനും അശ്വത്ഥാമാവിനു കഴിയുമായിരുന്നില്ല. ശ്രീകൃഷ്ണൻ കൂടെയുള്ളടത്തോളം പാണ്ഡവരെ നേരിൽ തോല്പിക്കാനാവില്ലെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. അതുകൊണ്ട് രാത്രിയിൽ എല്ലാവരും നിദ്രയിലാണ്ടിരിക്കെ വിശ്വസ്തരായ ചില സഹായികളെയും കൂട്ടി പാണ്ഡവരുടെ കൂടാരത്തിൽ കടന്നു. അതിലൊരുമുറിയിൽ അഞ്ചുപേർ പുതച്ചുമൂടിക്കിടക്കുന്നതു കണ്ടിട്ട് പാണ്ഡവരായിരിക്കും എന്നു കരുതി അവരെ നിഷ്കരുണം കൊല ചെയ്തു. ആ അഞ്ചുപേരും ദ്രൗപദിയുടെ മക്കളായിരുന്നു.

www.careerindia.com

CAREERINDIA

മക്കൾ മരിച്ചതറിഞ്ഞ് ദ്രൗപദിക്കു ദുഃഖം സഹിക്കാനായില്ല. ഇതു കണ്ടിട്ട് ദേഷ്യം അടക്കാൻ കഴിയാതെ അർജ്ജുനനും ശ്രീകൃഷ്ണനും കൂടി അശ്വത്ഥാമാവിനെ അന്വേഷിച്ചു പുറപ്പെട്ടു. അധികം വൈകാതെ അദ്ദേഹത്തെ കണ്ടെത്തി. ബന്ധനസ്ഥനാക്കി കൊണ്ടുവന്നു ദ്രൗപദിയുടെ കൺമുമ്പിൽവെച്ച് അദ്ദേഹത്തിന്റെ വധശിക്ഷ നടപ്പാക്കാൻ തീരുമാനിച്ചു. ദ്രൗപദിയുടെ ദുഃഖത്തിനു അല്പം ശമനമുണ്ടാകുമെന്ന് അവർ വിചാരിച്ചു.

മരണം കാത്തിരിക്കുന്ന അശ്വത്ഥാമാവിനെ നോക്കിയിട്ട് ദ്രൗപദി പറഞ്ഞു : ഇദ്ദേഹത്തെ വധിക്കരുത്. ഇദ്ദേഹം നിങ്ങളുടെ ഗുരുവായിരുന്ന ദ്രോണാചാര്യരുടെ മകനാണ്. മാത്രമല്ല ഇദ്ദേഹം കൊല്ലപ്പെട്ടാൽ അത് ഒരു മാതൃഹൃദയത്തെകൂടി മുറിവേല്പിക്കും. സ്വന്തം മക്കളാണ് ഏതൊരമ്മയുടെയും ഏററവും വലിയ സ്വത്ത്. ഇനിയൊരു അമ്മയ്ക്കുകൂടി എന്റെ സ്ഥിതി വന്നുകൂടാ. അതുകൊണ്ട് മറ്റേതെങ്കിലും ശിക്ഷ നൽകി വിട്ടയയ്ക്കുക.

കുററവാളികളെ ശിക്ഷിക്കരുതെന്നല്ല പറയുന്നത്. നിയമം അതിന്റെ മാർഗ്ഗത്തിലൂടെ ശിക്ഷ നടപ്പാക്കട്ടെ അതിലുപരി പ്രപഞ്ചശക്തി ഏതൊരു കർമത്തിന്റെയും ഫലം പലിശസഹിതം മടക്കിക്കൊടുത്തിരിക്കും. ആർക്കും തടുക്കാനാകാത്ത കർമനിയമമാണത്. എന്നാൽ കുറ്റവാളികളെ വെറുക്കുന്നതു നമ്മുടെ മനസ്സിനെയും വ്യക്തിത്വത്തെയും കർമരംഗത്തെയും പ്രതികൂലമായി ബാധിക്കും. പകയും വിദ്വേഷവും നിറഞ്ഞ ഒരു മനസ്സിന് എങ്ങനെ ശാന്തിയും സമാധാനവും ലഭിക്കും ? മാറ്റം സംഭവിക്കേണ്ടതു വ്യക്തിയിലാണ്. ആദ്യം പരിവർത്തനമുണ്ടാകേണ്ടതു സ്വന്തം മനോഭാവത്തിനാണ്. അതിന് ആത്മാർഥമായി ശ്രമിക്കുക.

**ചോദ്യങ്ങൾ :**

(i) ക്രൂരകൃത്യങ്ങൾ ഏറ്റവും കൂടുതൽ ബാധിക്കുന്നതാരെ ? മനസ്സിൽ അരക്കിട്ടുറപ്പിക്കേണ്ട ചിന്ത ഏത് ? [2]

(ii) ആദ്ധ്യാത്മികത ശരിയായി ഉൾക്കൊള്ളുന്നതിലൂടെയുള്ള നേട്ടമെന്ത് ? [2]

(iii) അശ്വത്ഥാമാവ് പകരംവീട്ടാനൊരുങ്ങിയതിന്റെ കാരണമെന്ത് ? [2]

(iv) അശ്വത്ഥാമാവിനെ വധിക്കരുതെന്ന് ദ്രൗപദി പറഞ്ഞതെന്തുകൊണ്ട് ? [2]

(v) ഈ ഗദ്യത്തിന് ഉചിതമായ ശീർഷകം (Title) നൽകി കാരണം വ്യക്തമാക്കുക. [2]

www.careerindia.com

CAREERINDIA

**Question 4**

**Answer the following according to the instructions given :—** [8]

**(താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശങ്ങൾ അനുസരിച്ച് ഉത്തരം തെരഞ്ഞെടുത്തെഴുതുക) :—**

(i) **Give one word for the following choosing the options given :—**

**(**ശരിയായ ഒറ്റപ്പദം തെരഞ്ഞെടുത്തെഴുതുക**)**

ജനമില്ലാത്ത ഇടം

(a) ജനഹീനത

(b) വിജനം

(c) സജനം

(d) ജനയുഗം

(ii) **Select the correct word from the options given :–**

**(**ശരിയായ വാക്ക് തെരഞ്ഞെടുക്കുക**)**

1. (a) നിഘണ്ടു

(b) നിഖണ്ടു

(c) നിഗണ്ടു

(d) നികണ്ടു

2. **Select the correct meaning of the word from the options given :–**

**(**ശരിയായ വിഗ്രഹ അർഥം തെരഞ്ഞെടുക്കുക**)**

സർവ്വം സഹ

(a) സർവ്വവും സഹിക്കുന്നവൻ

(b) സർവ്വവും സഹിക്കുന്നവൾ

(c) സർവ്വരും സഹിക്കേണ്ടത്

(d) സർവ്വസഹനീയം

www.careerindia.com

CAREERINDIA

(iii) **Select the correct meaning of the proverb from the options given :–**

(പഴഞ്ചൊല്ലിന്റെ ആശയമായി വരുന്ന പദം തെരഞ്ഞെടുക്കുക)

"ഇരുന്നിട്ടേ കാലു നീട്ടാവൂ" ഈ പഴഞ്ചൊല്ലിന്റെ ആശയമായി വരുന്നത് ഏത**v?**

(a) കഷ്ടകാലം

(b) സൗഹൃദം

(c) കഠിനാദ്ധ്വാനം

(d) ക്ഷമയില്ലായ്മ

(iv) **Select the correct Synonyms from the options given :–**

**(**ശരിയായ വാക്ക് തെരഞ്ഞെടുത്തെഴുതുക**)**

1. 'പൂവ്' എന്ന വാക്കിന് പര്യായമായിവരുന്ന പദങ്ങൾ **:**

   (a) രവം, ഒച്ച

   (b) തരു, വിടപി

   (c) പത്രം, പർണം

   (d) മലർ, സുമം

2. 'ശബ്ദം' എന്ന വാക്കിന് പര്യായം അല്ലാത്ത പദങ്ങൾ **:**

   (a) രവം, ആരവം

   (b) ഒലി, ഒച്ച

   (c) മനുജൻ, മർത്ത്യൻ

   (d) സ്വനം, നാദം

(v) **Fill in the blanks with correct phrase from the options given :–**

**(**ഉചിതമായ ശൈലി ചേർത്ത് വാക്യം പൂരിപ്പിക്കുക**)**

1. മനുഷ്യജീവിതം പലതരത്തിലുള്ള ______ നിറഞ്ഞതാണ്.

   (a) ആണിക്കല്ല്

   (b) നെല്ലിപ്പലക

   (c) ഊന്നുവടി

   (d) നൂലാമാലകൾ

www.careerindia.com

CAREERINDIA

2. താഴെ കൊടുത്തിരിക്കുന്നവയിൽ 'തയ്യാറെടുക്കുക' എന്ന ആശയത്തെ സൂചിപ്പിക്കുന്ന ശൈലി ഏത് ?

(a) യുക്തിയുക്തം

(b) അറ്റകൈ

(c) ഭഗീരഥപ്രയത്നം

(d) വട്ടംകൂട്ടുക

**SECTION—B (40 Marks)**

*Questions from only **two** of the following textbooks are to be answered.*

*Attempt **four** questions from this section.*

*You must answer at least **one** question from each of the **two** books you have studied and any **two** other questions from the same books that you have chosen.*

**സാഹിത്യസുരഭി - കഥകൾ**

**SAHITHYA SURABHI - STORIES**

**Question 5**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക) :—

"ആ വാത്സലപിതാവിന്റെ ഹൃദയം ആനന്ദംകൊണ്ട് തുള്ളി ഇന്നവനും ഒരു പിതാവാണ്. പുത്രാഭിലാഷങ്ങൾ നിറവേറ്റിയ പിതാവ്."

**മാണിക്കൻ (ലളിതാംബിക അന്തർജനം)**

**Manikkan (Lalithambika Antherjanam)**

. **ചോദ്യങ്ങൾ :**

(i) കറുമ്പനും മക്കളും കാളക്കുട്ടിക്കുവേണ്ടി ഉണ്ടാക്കിയ പുരയെക്കുറിച്ച് വർണ്ണിക്കുക. [3]

(ii) ദയാലുവായ യജമാനൻ കറുമ്പന്റെ അപേക്ഷയെപ്പറ്റി ഓർത്തതെപ്പോൾ ? സന്ദർഭം എഴുതുക. [3]

(iii) "ഈ സംയോഗം ക്ഷണികമാണെന്നവനറിയാമായിരുന്നു." ആർക്ക് ? എന്തുകൊണ്ട് ? [2]

(iv) അഴകനും നീലിയും കാളക്കുട്ടിയെ പരിചരിച്ചതെങ്ങനെ ? [2]

www.careerindia.com

CAREERINDIA

**Question 6**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക) :—

"അവരുടെ ലോകത്തിൽ തമാശയ്ക്കു മാത്രമേ സ്ഥാനമുള്ളൂ."

**പ്രകാശം പരത്തുന്ന പെൺകുട്ടി (ടി. പത്മനാഭൻ)**

**Prakasham Parathunna Penkutty (T. Padmanabhan)**

**ചോദ്യങ്ങൾ :**

(i) ആരുടെ ലോകത്തിലാണ് തമാശയ്ക്കുമാത്രം സ്ഥാനമുള്ളത് ? വിവരിക്കുക. [3]

(ii) അയാൾ ഒരു പുതിയ മനുഷ്യനായി മാറിയ സംഭവം ലഘുവായി വിവരിക്കുക ? [3]

(iii) പഴയ നഗരത്തിലേക്കു തിരിച്ചുവരുമ്പോഴുള്ള അയാളുടെ അനുഭവമെന്ത് ? [2]

(iv) തിയേറ്ററിൽ ആ പെൺകുട്ടിയുടെ പെരുമാറ്റം എപ്രകാരമായിരുന്നു ? [2]

**Question 7**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക) :—

"എന്റെ മോനേ ! അച്ഛൻ ഒരുത്തനും കീഴ്‌വഴങ്ങിയവനല്ല.".

**തഹസീൽദാരുടെ അച്ഛൻ (തകഴി ശിവശങ്കരപ്പിള്ള)**

**Thahasildarude Achan (Takazhi Sivasankara Pillai)**

**ചോദ്യങ്ങൾ :**

(i) മകന് മാനക്കേട് ഉണ്ടാകുംവിധത്തിൽ കേശവശ്ശാർ ചെയ്തത് എന്താണ് ? അക്കാര്യത്തെക്കുറിച്ച് പറഞ്ഞപ്പോൾ വൃദ്ധന്റെ പ്രതികരണം എന്തായിരുന്നു ? [3]

(ii) കേശവശ്ശാരുടെ ജീവിതത്തിലെ ഏറ്റവും വലിയ ആഗ്രഹമെന്തായിരുന്നു ? അത് നടക്കാതിരിക്കാൻ കാരണമെന്ത് ? [3]

(iii) മാറിത്താമസിക്കാൻ പറഞ്ഞപ്പോൾ കേശവശ്ശാർ മറുപടി പറഞ്ഞതെന്ത് ? [2]

(iv) ബാല്യകാലസ്മരണകൾ പത്മനാഭപിള്ളയെ നിരുദ്ധകണ്ഠനാക്കി-ത്തീർത്തതെപ്പോൾ ? [2]

www.careerindia.com

CAREERINDIA

## സാഹിത്യസുരഭി – കവിതകൾ

### SAHITHYA SURABHI - POEMS

**Question 8**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക)

"കാണുന്നു കല്യാണ നിക്ഷേപമെന്നപോൽ

കാമ സുരഭിപോൽ നിന്നെ ഞങ്ങൾ."

**മാണിക്യവീണ (വെണ്ണിക്കുളം ഗോപാലക്കുറുപ്പ്)**

**Manikya Veena (Vennikulam Gopala Kurup)**

. **ചോദ്യങ്ങൾ :**

(i) മലയാളഭാഷയാകുന്ന മാണിക്യവീണയുടെ താളം, താനം, രാഗം ഇവ എന്തെല്ലാമാണെന്നാണ് കവി പറയുന്നത് ? [3]

(ii) "നിന്നെയോർക്കുമ്പോഴേ-

ക്കോരോ ഹൃദയവുമോടിയോടം....." സന്ദർഭവും ആശയവും വിശദമാക്കുക. [3]

(iii) ജന്മജന്മാന്തര പുണ്യമായി കവി കരുതുന്നതെന്ത് ? [2]

(iv) മലയാളഭാഷയുടെ പരിമിതിയെന്ത് ? ആ പരിമിതിയ്ക്കുള്ളിലും കവി കാണുന്ന മേന്മയെന്ത് ? [2]

**Question 9**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക) :—

"ആരിതെറിഞ്ഞുകൊടുത്തു, യശോദതൻ

മാറിലെത്തൂമണി മാല്യമതാ"

**കർമ്മഭൂമിയുടെ പിഞ്ചുകാൽ (വള്ളത്തോൾ നാരായണമേനോൻ)**

**Karmabhoomiyude Pinchukaal (Vallathol Narayana Menon)**

www.careerindia.com

CAREERINDIA

. **ചോദ്യങ്ങൾ :**

(i) കൃഷ്ണനും കാളിയനുമായുള്ള പോരാട്ടം എങ്ങനെയായിരുന്നു ? വിശദമാക്കുക. [3]

(ii) നദിയിൽ നീന്തിക്കളിക്കുന്ന കൃഷ്ണനെ കവി എന്തിനോട് സാദൃശ്യപ്പെടുത്തുന്നു ? [3]

(iii) കാളിന്ദിനദിക്ക് നെഞ്ചിൽ ആർദ്രതയുണ്ടായതെപ്പോൾ ? [2]

(iv) കാളിന്ദിയിലേക്ക് ചാടിയ കൃഷ്ണനെ കവി എങ്ങനെ അവതരിപ്പിക്കുന്നു ? [2]

**Question 10**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക)

"രാത്രിതോറുമോർത്തേൻ ഞാനധീരയായ്
ആർത്തിപൂണ്ടൊളിച്ചോടുക ദുഷ്ക്കരം
ജീവിതത്തിന്റെ നേർക്കുയർത്തും മുഖം
ഭീതിമാകൊലാ, യാത്ര ചോദിക്കണം."

**തച്ചന്റെ മകൾ (വിജയലക്ഷ്മി)**

**Thachante Makal (Vijayalakshmi)**

. **ചോദ്യങ്ങൾ :**

(i) മകൾ അച്ഛനോട് യാത്ര ചോദിച്ചതെപ്പോൾ ? തച്ചൻ അനുഗ്രഹിച്ചത് എങ്ങനെ ? [3]

(ii) ശങ്കയില്ലാത്ത ശിഷ്യൻ ആണ് സഹോദരൻ എന്ന് അവൾ ചിന്തിക്കാൻ കാരണമെന്ത് ? [3]

(iii) അച്ഛനോട് യാത്രചോദിക്കണമെന്ന് അവൾ തീരുമാനിച്ചത് എന്തുകൊണ്ട് ? [2]

(iv) "ഏവമോതും ചിലപ്പോൾ മഹാശയൻ" – ഓതുന്നതെന്ത് ? [2]



www.careerindia.com

CAREERINDIA

# മയ്യഴിപ്പുഴയുടെ തീരങ്ങളിൽ – നോവൽ

## NOVEL - MAYYAZHIPPUZHAYUDE THEERAGALIL

(എം. മുകുന്ദൻ)

(M. MUKUNTHAN)

**Question 11**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക) :—

കാലം മയ്യഴിയുടെ തീരങ്ങളിൽ അവതരിപ്പിച്ച മഹാനാടകം അവസാനിക്കയായി ... ആ മഹാനാടകത്തിന്റെ ദൃക്സാക്ഷിയായ കുറുമ്പിയമ്മ ജരാനര ബാധിച്ച് തന്റെ അന്ത്യനാളുകൾ കാത്തുകിടന്നു.

**ചോദ്യങ്ങൾ :**

(i) യേശുക്രിസ്തുവിന്റെ തിരിച്ചുവരവിനായി കാത്തിരിക്കുന്നതുപോലെ മയ്യഴിയിൽ കാത്തിരുന്നവർ ആരെല്ലാം ? സൂചിതസംഭവം എന്ത് ? [3]

(ii) മയ്യഴിയിൽ മദ്യത്തിനുണ്ടായിരുന്ന ചരിത്രപരമായ പ്രാധാന്യം, മദ്യനിരോധനം, മയ്യഴിയിലെ ജനങ്ങളിലുണ്ടായ പ്രതികരണം എന്നിവ വിശദമാക്കുക ? [3]

(iii) സ്വാതന്ത്ര്യാനന്തര മയ്യഴിയിലുണ്ടായ പുരോഗതികൾ എന്തെല്ലാം ? [2]

(iv) മയ്യഴിയുടെ മക്കൾ പൊട്ടിച്ചെറിഞ്ഞ ഭൂതകാലത്തിന്റെ ചങ്ങലകളെന്തെല്ലാമായിരുന്നു ? [2]

**Question 12**

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക) :—

കണാരേട്ടനും മറ്റും പിന്നീട് ഒന്നും പറയുവാനുണ്ടായിരുന്നില്ല. അവർ നിശ്ശബ്ദരായി. റൈട്ടർ അവരെ അതിശയിപ്പിക്കുന്നു. പിടികിട്ടാത്ത ഒരു പ്രതിഭാസമാകുന്നു.

www.careerindia.com

CAREERINDIA

**ചോദ്യങ്ങൾ :**

(i) റൈട്ടർ ആരോടാണ് ആക്രോശിച്ചത് ? അതിനുള്ള കാരണമെന്ത് ? [3]

(ii) ദാസൻ കൈക്കൊണ്ട തീരുമാനമെന്തായിരുന്നു ? [3]

(iii) ദാസൻ തന്റെ അച്ഛനു കൊടുത്തയച്ച കുറുപ്പിൽ എന്തായിരുന്നു ? നാണൂട്ടിയുടെ നിസ്സഹായതയ്ക്ക് കാരണമെന്തായിരുന്നു ? [2]

(iv) കണ്ണൻ പോലീസ് അതിർത്തിയിലുണ്ടായിരുന്നത് കണാരേട്ടനെ ആശ്വസിപ്പിച്ചത് എന്തുകൊണ്ട് ? [2]

### Question 13

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക) :—

അങ്ങനെ അയാൾ കണാരേട്ടന്റെ കത്തുകൾക്ക് ആദ്യമായി ഒരു മറുപടി എഴുതി. കണാരേട്ടനെ അത് ആഹ്ലാദിപ്പിച്ചു.

**ചോദ്യങ്ങൾ :**

(i) കണാരൻ കത്തുകളിലൂടെ കരുണനോട് ആവശ്യപ്പെട്ടിരുന്നതെന്ത് ? [3]

(ii) കത്തുകളോടുള്ള അയാളുടെ സമീപനം എങ്ങനെയായിരുന്നു ? [3]

(iii) ആദ്യമായി ഒരു മറുപടിയെഴുതാൻ അയാൾ തീരുമാനിച്ചതെന്തുകൊണ്ട് ? [2]

(iv) സെക്രട്ടേറിയായിലെ അയാളുടെ അവസാനദിനം എപ്രകാരമായിരുന്നു ? [2]

## സാകേതം - നാടകം

**DRAMA - SAKETHAM**

***(സി.എൻ. ശ്രീകണ്ഠൻ നായർ)***

**(C.N. SREEKANDAN NAIR)**

### Question 14

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക) :—

ഇന്നും ഇന്നലെയുമല്ല ഈ ഗൂഢവൃത്തി ആരംഭിച്ചത്. യാഗം രക്ഷിക്കാൻ മഹർഷി വിശ്വാമിത്രൻ അർഥിച്ചപ്പോൾ ആ കീർത്തി രാമനിരിക്കട്ടെ എന്നു പിതാവു കരുതി.

www.careerindia.com

CAREERINDIA

**ചോദ്യങ്ങൾ :**

(i) മന്ഥരയുടെ ശാപവാക്കുകൾ വിവരിക്കുക. [3]

(ii) രാജാവ് ശുല്കവ്യവസ്ഥ ലംഘിച്ചതിനെപ്പറ്റി മന്ഥര പറഞ്ഞതെന്തെല്ലാം ? [3]

(iii) അഭിഷേകത്തിന് വിളിച്ചവരേയും വിളിക്കാത്തവരേയും പറ്റിയുള്ള മന്ഥരയുടെ വിമർശനമെന്ത് ? [2]

(iv) കൗസല്യയെക്കുറിച്ച് മന്ഥര പറഞ്ഞതെന്ത് ? [2]

## Question 15

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക) :—

"കുലഗുരു വസിഷ്ഠമഹർഷിയുടെ ശാസനം കേട്ടിട്ടു പൊയ്ക്കൊള്ളൂ."

**ചോദ്യങ്ങൾ :**

(i) രാമാഭിഷേകത്തെക്കുറിച്ച് ഭരത ലക്ഷ്മണന്മാരെ അറിയിക്കാത്ത-തിനെക്കുറിച്ചുള്ള കൗസല്യയുടെ ചോദ്യത്തിന് വസിഷ്ഠന്റെ മറുപടി എന്തായിരുന്നു ? [3]

(ii) രാമാഭിഷേകത്തിനൊരുങ്ങുമ്പോൾ നിമിത്തങ്ങൾ ഒന്നും ശുഭമല്ല എന്ന് ദശരഥനു തോന്നാൻ കാരണമെന്ത് ? ദശരഥൻ ദൈവത്തോടു പ്രാർഥിച്ചതെന്ത് ? [3]

(iii) "ശുല്ക്കവും ശപഥവും ലംഘിച്ചുകൂടാത്ത സത്യമല്ലേ എന്ന കൗസല്യയുടെ ചോദ്യത്തിന് വസിഷ്ഠൻ പറഞ്ഞ മറുപടിയെന്ത് ? [2]

(iv) യൗവരാജ്യം കൈക്കൊള്ളുന്ന അവസരത്തിൽ രാമൻ പാലിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ദശരഥൻ പറയുന്നതെന്തെല്ലാം ? [2]

## Question 16

Read the extract given below and answer in **Malayalam** the questions that follow :—

(താഴെക്കൊടുത്തിരിക്കുന്ന പാഠ്യഭാഗം വായിച്ചതിനുശേഷം ഒടുവിൽ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക) :—

"പാരവശ്യം മറച്ചുപെരുമാറാൻ പർവ്വതങ്ങൾ പഠിക്കുന്നില്ല പട്ടണത്തിൽ വന്നു പഠിക്കണം പരിഷ്ക്കാരം കൊള്ളണം."

**ചോദ്യങ്ങൾ :**

(i) ദശരഥന്റെ അവസ്ഥ മനസ്സിലാക്കിയ ഗുഹൻ പരവശനും ദുഃഖിതനുമായിത്തീർന്നു. സന്ദർഭം എഴുതുക. [3]

(ii) ഗംഗാതീരം കുമാരന്മാരെ യാത്രയാക്കിയതിനെക്കുറിച്ച് സുമന്ത്രർ പറഞ്ഞതെന്ത് ? വിശദമാക്കുക. [3]

(iii) എന്റെ കാഴ്ച നഷ്ടപ്പെട്ടുകഴിഞ്ഞു .... വൃദ്ധദമ്പതികളെപ്പോലെയായി .... ദശരഥൻ ഇങ്ങനെ വിലപിക്കുന്നതെപ്പോൾ ? [2]

(iv) സർവ്വാംഗം തളർന്ന ദശരഥനെക്കുറിച്ച് എഴുതുക. [2]

www.careerindia.com